**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2984** **12-07-2022 - ൽ മറുപടിയ്ക്ക്**

**വി. ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് യാക്കരയിലെ വി.ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ; | (എ) | 2023 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |
| (ബി) | പ്രസ്തുത സ്മാരക സമുച്ചയത്തിൽ എന്തെല്ലാം സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | നാടിന്റെ കലാസാംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണ് എന്നു കരുതുന്നു. നൃത്ത, സംഗീത നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയം മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനും ഈ സാംസ്കാരിക സമുച്ചയം ഉതകുന്നതാണ്. |

സെക്ഷൻ ഓഫീസർ